**Deepika**

**30 August 2018**

**New Delhi:  Disaster reason**



# മഹാപ്രളയത്തിനു കാരണം അതിശക്തമായ മഴ

- ▸▸ **പ്രളയമുണ്ടായത് ഡാമുകൾ തുറന്നതു മൂലമല്ല**
- ▸▸ **കൃത്യമായ വെളിപ്പെടുത്തലുമായി കേന്ദ്ര ജല കമ്മീഷൻ**

**സെബി മാത്യു**

**ന്യൂഡൽഹി:** കേരളത്തെ ദുരിതത്തിൽ ആഴ്ത്തിയ മഹാപ്രളയത്തിന്റെ കാരണം ഡാമുകൾ തുറന്നതല്ലെന്ന് കേന്ദ്ര ജല കമ്മീഷന്റെ വിശദീകരണം. തുടർച്ചയായി പെയ്ത ശക്തമായ മഴയാണ് കേരളത്തെ പ്രളയത്തിലാഴ്ത്തിയതെന്നും കമ്മീഷന്റെ കരട് റിപ്പോർട്ടിൽ പറയുന്നു. ഇതു സംബന്ധിച്ച സമഗ്ര വിവരങ്ങളടങ്ങിയ അന്തിമ റിപ്പോർട്ട് ജല കമ്മീഷൻ കേന്ദ്ര സർക്കാരിനു സമർപ്പിക്കും.

അണക്കെട്ടുകൾ അപ്രതീക്ഷിതമായി തുറന്നതാണ് കേരളത്തിലെ പ്രളയദുരന്തത്തിനു കാരണമെന്ന ആരോപണങ്ങൾ പൂർണമായും തള്ളുന്നതാണ് കേന്ദ്ര ജലകമ്മീഷന്റെ കണ്ടെത്തലുകൾ. അനിയന്ത്രിതമായ ദുരന്ത സാഹചര്യമായിരുന്നു കേരളത്തിൽ എന്നും ജല കമ്മീഷന്റെ പ്രളയ മുന്നറിയിപ്പു വിഭാഗം വ്യക്തമാക്കി. അണക്കെട്ടുകൾ വളരെ വേഗം നിറഞ്ഞതോടെ വെള്ളം തുറന്നു വിടുകയല്ലാതെ മറ്റു വഴികളില്ലാതായെന്ന് ജലകമ്മീഷൻ പ്രളയ വിഭാഗം മേധാവി ശരത് ചന്ദ്ര പറയുന്നു. കേരളം നേരിട്ടതു നിയന്ത്രണാതീതമായ ദുരന്ത സാഹചര്യമാണ്.

നേരത്തെ തന്നെ അണക്കെട്ടുകൾ തുറന്നിരുന്നു എങ്കിലും ഈ ദുരന്ത സ്ഥിതിയിൽ കാര്യമായ മാറ്റങ്ങൾ ഉണ്ടാകുമായിരുന്നില്ല. മലകളും ചെങ്കുത്തായ പ്രദേശങ്ങളും നിറഞ്ഞ കേരളത്തിന്റെ ഭൂപ്രകൃതിയും നിർണായക കാരണമായി. ചെറിയ സംസ്ഥാനം എന്ന നിലയിൽ കേരളത്തിന്റെ വൃഷ്ടി പ്രദേശത്തിന്റെ വ്യാപ്തിയും വളരെ കുറവാണ്. വികസനത്തിന്റെ പേരിൽ നടന്ന കൈയേറ്റങ്ങളും ദുരന്തത്തിന്റെ ആക്കം കൂട്ടാൻ ഇടയാക്കിയെന്നും അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. നൂറോ, അൻപതോ വർഷത്തിൽ ഒരിക്കൽ മാത്രം ഉണ്ടാകുന്ന പ്രളയമായിരുന്നു. പൂർണമായും നിയന്ത്രിക്കാൻ കഴിയുന്നതായിരുന്നില്ല കേരളത്തിൽ ഉണ്ടായ പ്രളയം എന്നും അദ്ദേഹം പറഞ്ഞു.

അണക്കെട്ട് തുറന്നതാണ് കേരളത്തിലെ പ്രളയത്തിന് കാരണമെന്ന് പറയാനാകില്ലെന്നാണ് ഡൽഹി ഐഐടിയിലെ പ്രഫസർ എ.കെ ഗോസെയിൻ പറഞ്ഞത്. ശക്തമായ മഴ ഉണ്ടായി. മഴ പെയ്യുന്നതിന് അനുസരിച്ച് അണക്കെട്ട് നിറയുന്നത് സ്വാഭാവികം. സംഭരണ പരിധി എത്തുന്നതിനു മുൻപ് അണക്കെട്ടുകൾ തുറന്നു എന്നാണ് മനസിലാക്കാൻ കഴിയുന്നത്. ഇക്കാര്യത്തിൽ മറ്റൊന്നും ചെയ്യാനില്ലെന്നും പ്രളയത്തിന്റെ യഥാർഥ കാരണം കണ്ടെത്താൻ ശാസ്ത്രീയ പഠനം അനിവാര്യമാണെന്നുമാണ് അദ്ദേഹം പറഞ്ഞത്.

## ഡാമുകൾക്ക് മാർഗരേഖ

കേരളത്തിലെ പ്രളയ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഡാമുകളുടെ പ്രവർത്തനത്തിന് കേന്ദ്ര സർക്കാർ മാർഗരേഖ തയാറാക്കുന്നുണ്ട്. കേന്ദ്ര വൈദ്യുത, ഊർജ സഹമന്ത്രി രാജ്കുമാർ സിംഗിന്റെ അധ്യക്ഷതയിൽ കഴിഞ്ഞ ദിവസം ചേർന്ന യോഗത്തിലാണ് മാർഗരേഖ തയ്യാറാക്കാൻ തീരുമാനിച്ചത്. പ്രളയ സാധ്യതകൾ മുൻനിർത്തി വേണ്ടത്ര ഒരുക്കങ്ങൾ സംസ്ഥാനങ്ങൾ ചെയ്യുന്നില്ലെന്നാണ് വിലയിരുത്തൽ. വൈദ്യുതി ഉത്പാദനത്തിനും ജലസേചനത്തിനുമല്ല പ്രളയസാഹചര്യങ്ങൾ ഒഴിവാക്കുന്നതിനു മുൻഗണന നൽകിയാകും മാർഗരേഖ തയാറാക്കുന്നത്. അടിയന്തിര സാഹചര്യങ്ങളിൽ ഡാമുകൾ കൈകാര്യം ചെയ്യുന്നതിന് കേന്ദ്ര ജലകമ്മീഷൻ നേരത്തെ നൽകിയ നിർദേശം കർശനമായി നടപ്പാക്കാനും സംസ്ഥാനങ്ങളോട് ആവശ്യപ്പെടും. ഒരേ നദിയിൽ അടുത്തടുത്ത് ഡാമുകളുണ്ടെങ്കിൽ ഒറ്റയടിക്ക് എല്ലാം തുറന്നുവിട്ട് വെള്ളപ്പൊക്കമുണ്ടാകുന്നത് ഒഴിവാക്കണം. അണക്കെട്ടുകൾക്ക് താഴെയുള്ള ജനവാസകേന്ദ്രങ്ങളെ തിരിച്ചറിഞ്ഞ് പുനരധിവാസ പദ്ധതി മുൻകൂട്ടി തയാറാക്കണമെന്നുമുള്ള നിർദേശങ്ങളും മാർഗരേഖയിൽ ഉൾപ്പെടുത്തും.